**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.470 — 12.06.2012 ൽ മറുപടിയ്ക്ക്

## പാരലൽ സർവ്വീസ്

| ചോദ്യം<br>ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി |
|---|---|---|
| (എ) പാരലൽ സർവ്വീസ് നടത്തുന്ന വാഹനങ്ങൾ തടഞ്ഞ് നിർത്തുന്നതിനും പരിശോധിക്കുന്നതിനും നടപടിയെടുക്കുന്നതിനുമുള്ള അധികാരം ആർക്കൊക്കെയാണ് നൽകിയിട്ടുള്ളത്; | (എ) | സമാന്തര സർവ്വീസുകൾ നടത്തുന്ന വാഹനങ്ങൾ തടഞ്ഞ് നിർത്തി പരിശോധിച്ച് നടപടി എടുക്കുന്നതിനുള്ള അധികാരം പോലീസ് വകുപ്പിലെ സബ് ഇൻസ്പെക്ടർ റാങ്ക് മുതലുള്ള ഉദ്യോഗസ്ഥർക്കും, മോട്ടോർ വാഹന വകുപ്പിലെ അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ റാങ്ക് മുതലുള്ള ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. |
| (ബി) കെ.എസ്.ആർ.ടി.സി.യിലെ ഉദ്യോഗസ്ഥർക്ക് ഇതിനുള്ള അധികാരം നൽകിയിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) ഇത്തരത്തിൽ വാഹനപരിശോധനയ്ക്കായി പോലീസ് ബോർഡ് പ്രദർശിപ്പിച്ച് കെ.എസ്.ആർ.ടി.സി വാഹനങ്ങൾ ഉപയോഗിക്കാറുണ്ടോ; | (സി) | അനധികൃത പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിനുള്ള വാഹന പരിശോധനയ്ക്കായി തിരുവനന്തപുരം നഗരത്തിൽ കെ.എസ്.ആർ.ടി.സി. യുടേയും മോട്ടോർ വാഹന വകുപ്പിന്റെയും പോലീസിന്റെയും സംയുക്തമായുള്ള ഒരു സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിലേയ്ക്കായി കെ.എസ്.ആർ.ടി.സി.യുടെ വാഹനങ്ങൾ ഉപയോഗിക്കാറുണ്ട്. |
| (ഡി) എങ്കിൽ കഴിഞ്ഞ ഒരു കൊല്ലം ഇതിന്റെ വെളിച്ചത്തിൽ എത്ര വാഹനങ്ങൾ പിടികൂടിയിട്ടുണ്ട്; എങ്കിൽ പിടിക്കപ്പെട്ടവയിൽ നിന്ന് എന്ത് തുക പിഴയായി ഈടാക്കി; എത്ര വാഹനങ്ങൾ പിടിച്ചെടുത്തു; വ്യക്തമാക്കാമോ; | (ഡി) | മോട്ടോർ വാഹന വകുപ്പ് തിരുവനന്തപുരം ജില്ലയിൽ 156 വാഹനങ്ങൾ പിടികൂടുകയും, 598400 രൂപ പിഴ ഇനത്തിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. |
| (ഇ) ഇത്തരം പ്രവർത്തനം കൊണ്ട് പാരലൽ സർവ്വീസ് നടത്തുന്നവരെ നിയന്ത്രിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ഇ) | ഉണ്ട്. തിരുവനന്തപുരം നഗരത്തിലെ പ്രധാനപ്പെട്ട ഏഴ് സ്ഥലങ്ങളിൽ മോട്ടോർ വാഹന വകുപ്പും പോലീസും കെ.എസ്.ആർ.ടി.സിയും |

| | | |
|---|---|---|
| വിശദമാക്കുമോ? | | സംയുക്തമായി അനധികൃത പാരലൽ സർവ്വീസുകളെ നിയന്ത്രിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക വഴി തിരുവനന്തപുരം നഗരത്തിലേയ്ക്കുള്ള കടന്നുകയറ്റം ഒരു പരിധി വരെ നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ